# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** പ്രധാനവാർത്തകൾ **DATE:21-07-2024**

1. സംസ്ഥനത്ത വീണ്ടും നിപ മരണം ; ചികിത്സയിലായിരുന്ന മലപ്പുറം പാണ്ടിക്കാട് സ്വദേശിയായ 14 കാരനാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ മരിച്ചത് ; സമ്പർക്ക പട്ടികയിലുള്ളത് 246 പേരെന്ന് മന്ത്രി വീണാ ജോർജ്ജ്.

2. അമീബിക്ക് മസ്തിഷ്ക ജ്വരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് പ്രത്യേക മാർഗരേഖ പുറത്തിറക്കി.

3. പാർലമന്റിന്റെ വർഷകാല സമ്മേളനത്തിന് നാളെ തുടക്കം ; സർവ്വകക്ഷി യോഗം വൈകിട്ട് ; ബജറ്റ് മറ്റന്നാൾ ; കേരളത്തിൻറെ ആവശ്യങ്ങൾ പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി മന്ത്രി കെ എൻ ബാലഗോപാൽ.

4. കർണാടകയിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശി അർജുനായുള്ള തെരച്ചിൽ ആറാം ദിനത്തിൽ ; രക്ഷാ പ്രവർത്തനത്തിനായി സൈന്യം എത്തും.

PNUTVPM

5. ഏഷ്യാ കപ്പ് വനിതാ ട്വന്റി - 20 ക്രിക്കറ്റിലെ നിർണ്ണായക മത്സരത്തിൽ ഇന്ത്യ ഇന്ന് യു.എ.ഇ.-യെ നേരിടും.

*************************************

ഹെഡ്ലൈൻ-1

**നിപ ജനറൽ**

സംസ്ഥനത്ത വീണ്ടും നിപ മരണം. ചികിത്സയിലായിരുന്ന മലപ്പുറം സ്വദേശിയായ 14 കാരനാണ് മരിച്ചത്. 246 പേരാണ് നിലവിൽ സമ്പർക്ക പട്ടികയിലുള്ളതെന്ന് മന്ത്രി വീണാ ജോർജ്ജ് മലപ്പുറത്ത് അവലോകന യോഗത്തിൽ അറിയിച്ചു. ഇതിൽ 63 പേർ ഹൈറിസ്ക്ക് വിഭാഗത്തിൽ പെടുന്നവരാണ്. ഇവരിൽ രോഗലക്ഷണമുള്ള രണ്ട് പേരുടെ സാമ്പിളുകൾ ആദ്യം പരിശോധിക്കുമെന്നും മന്ത്രി പറഞ്ഞു. സമ്പർക്കപ്പെട്ടികയിലുള്ളവരുടെ പരമാവധി സാമ്പിളുകൾ കേരളത്തിൽ പരിശോധിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജിലെ സൗകര്യങ്ങൾക്ക് പുറമെ തോന്നയ്ക്കൽ വൈറോളജി ഇന്സ്ടിട്യൂട്ടിൽ പി. സി. ആർ. സൗകര്യമുണ്ട്. കൂടാതെ പൂനെ വൈറോളജി ഇന്സ്റ്റിട്യൂട്ടിൽ നിന്നും ഒരു മൊബൈൽ ലാബ് കൂടി എത്തിക്കുമെന്നും മന്ത്രി അറിയിച്ചു. മലപ്പുറം പാണ്ടിക്കാട്, ആനക്കയം എന്നിവിടങ്ങളിൽ ആരോഗ്യവകുപ്പും തദ്ദേശഭരണസ്ഥാപനങ്ങളും ചേർന്ന് ഫീവർ സർവെയ്ലൻസ് നടത്തും. മൃഗസംരക്ഷണവകുപ്പിന്റെ നേതൃത്വത്തിൽ മൃഗങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിക്കും. കൃത്യമായ മുൻകരുതലോടെ നിപയെ പ്രതിരോധിക്കാൻ കഴിയുമെന്നും ജനങ്ങൾ ഭയപ്പെടേണ്ടതില്ലെന്നും മന്ത്രി വ്യക്തമാക്കി.

*****************************************

RNUTVPM

ഹെഡ്‌ലൈൻ-1എ

## നിപ ബാക് സ്റ്റോറി

കേരളത്തിൽ അഞ്ചാം തവണയാണ് നിപ വൈറസ് ബാധ സ്ഥിരീകരിക്കുന്നത്. 2018 ൽ കോഴിക്കോട് പേരാമ്പ്രയിൽ ആണ് ആദ്യമായി രോഗ ബാധ റിപ്പോർട്ട് ചെയ്തത്. പിന്നീട് 2019 ൽ എറണാകുളത്തും 2021, 2023 വർഷങ്ങളിൽ വീണ്ടും കോഴിക്കോട്ടും നിപ സ്ഥിരീകരിച്ചിട്ടുണ്ട്. ഇതുവരെ 20 പേരാണ് നിപ ബാധിച്ച് സംസ്ഥാനത്ത് മരിച്ചത്. രോഗ ബാധ അതിവേഗം സ്ഥിരീകരിക്കുകയും കൃത്യമായ പ്രതിരോധ പ്രവർത്തങ്ങൾ നടത്തുന്നതുമാണ് കേരളത്തിൽ നിപയുടെ വ്യാപനം തടയുന്നതിൽ നിർണായകമാവുന്നത്.

*******************************************

ഹെഡ്‌ലൈൻ-2

## അമീബിക്ക് ജ്വരം: മാർഗരേഖ

RNU TVPM

അമീബിക്ക് മസ്തിഷ്ക ജ്വരവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിന് പ്രത്യേക മാർഗരേഖ പുറത്തിറക്കിയതായി മന്ത്രി വീണാ ജോർജ്. പ്രതിരോധം, രോഗനിർണയം, ചികിത്സ എന്നിവ സംബന്ധിച്ച സാങ്കേതിക മാർഗരേഖയാണ് പുറത്തിറക്കിയത്. കെട്ടിക്കിടക്കുന്ന വെള്ളത്തിൽ കുളിക്കുന്നതും വെള്ളത്തിൽ ഡൈവ് ചെയ്യുന്നതും പരമാവധി ഒഴിവാക്കണം. വാട്ടർ തീം പാർക്കുകളിലേയും സ്വിമ്മിംഗ് പൂളുകളിലേയും വെള്ളം കൃത്യമായി ക്ലോറിനേറ്റ് ചെയ്യണം. തീവ്രമായ തലവേദന, പനി, ഓക്കാനം, ഛർദി, കഴുത്ത് തിരിക്കാൻ ബുദ്ധിമുട്ട് തുടങ്ങിയവയാണ് പ്രാഥമിക ലക്ഷണങ്ങൾ. ഗുരുതരാവസ്ഥയിൽ എത്തുമ്പോൾ അപസ്മാരം, ബോധക്ഷയം, ഓർമക്കുറവ് തുടങ്ങിയ ലക്ഷണങ്ങളും ഉണ്ടാകുന്നു. രോഗ ലക്ഷണങ്ങൾ കണ്ടാൽ ചികിത്സ തേടേണ്ടതാണെന്നും മാർഗ്ഗനിർദ്ദേശത്തിൽ പരാമർശിക്കുന്നു.

അമീബിക്ക് മെനിഞ്ചോ എൻസെഫലൈറ്റിസിന് സാങ്കേതിക മാർഗരേഖ പുറത്തിറക്കുന്നത് ഇന്ത്യയിൽ ആദ്യമായാണ്.

*******************************************

ഹെഡ്ലൈൻ-3

**സർവ്വകക്ഷിയോഗം - വർഷകാല സമ്മേളനം**

പാർലമെന്റിന്റെ വർഷകാല സമ്മേളനം നാളെ ആരംഭിക്കും. ചൊവ്വാഴ്ചയാണ് കേന്ദ്ര ധനമന്ത്രി നിർമലാ സീതാരാമൻ ബജറ്റ് അവതരിപ്പിക്കുക. സമ്മേളനത്തിന് മുന്നോടിയായി കേന്ദ്രസർക്കാരിന്റെ നേതൃത്വത്തിൽ ഇന്ന് സർവ്വകക്ഷി യോഗം ചേരും. ഇരുസഭകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പ് വരുത്താൻ എല്ലാ പാർട്ടികളോടും സർക്കാർ അഭ്യർഥിക്കും. കേന്ദ്ര പാർലമെന്ററികാര്യ മന്ത്രി റജിജു യോഗത്തിന് അധ്യക്ഷത വഹിക്കും. മൂന്നാം നരേന്ദ്രമോദി സർക്കാരിന്റെ ആദ്യ ബജറ്റാണിത്. വർഷകാല സമ്മേളനം അടുത്തമാസം 12 വരെ നീളും. ആറ് പുതിയ ബില്ലുകൾ ഈ സമ്മേളനത്തിൽ അവതരിപ്പിച്ചേക്കും.

RNU TVPM

*******************************************

ഹെഡ്ലൈൻ-3എ

**കെ എൻ ബാലഗോപാൽ**

കേന്ദ്ര ബജറ്റിൽ കേരളത്തിന്റെ പ്രധാനപ്പെട്ട ആവശ്യമായ 24,000 കോടി രൂപയുടെ പ്രത്യേക സാമ്പത്തിക പാക്കേജ് പരിഗണിക്കുമെന്ന് പ്രതീക്ഷിക്കുന്നതായി ധനമന്ത്രി കെ എൻ ബാലഗോപാൽ. കേന്ദ്ര ധനകാര്യ മന്ത്രി വിളിച്ചുചേർത്ത പ്രീ ബജറ്റ് ചർച്ചയിൽ കേരളത്തിൻറെ ആവശ്യങ്ങൾ പറഞ്ഞിരുന്നു. കേന്ദ്ര ധനകാര്യ മന്ത്രിയെ നേരിട്ട് കണ്ട് കേരളത്തിൻറെ ആവശ്യങ്ങളും ബോധ്യപ്പെടുത്തിയിട്ടുണ്ട് എന്നും മന്ത്രി തിരുവനന്തപുരത്ത് വ്യക്തമാക്കി.

*******************************************

## ഹെഡ്‌ലൈൻ-4

### കർണാടക-മണ്ണിടിച്ചിൽ

കർണാടക ഷിരൂരിൽ മണ്ണിടിച്ചിലിൽ കാണാതായ കോഴിക്കോട് സ്വദേശിയായ ലോറി ഡ്രൈവർ അർജുനായുള്ള തെരച്ചിൽ ആറാം ദിവസത്തിൽ. തെരച്ചിലിനായി സൈന്യം ഇന്ന് ഉച്ചയോടെ ഷിരൂരിലെത്തും. ബലഗാവിയിൽ നിന്നുള്ള 40 അംഗ സംഘമാണ് തെരച്ചിലിനുള്ള നേതൃത്വം ഏറ്റെടുക്കുക. കേരള-കർണാടക ഏരിയാ കമാൻററുടെ നേതൃത്വത്തിലായിരിക്കും രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുക. മണ്ണിന്റെ ഘടന, കാലാവസ്ഥാ തുടങ്ങിയവയും സൈന്യം പരിശോധിക്കും. റഡാറിൽ സിഗ്നൽ ലഭിച്ച സ്ഥലത്താണ് ഇന്ന് തെരച്ചിൽ നടത്തുക. ഇതിനൊപ്പം നാവിക സേന സമീപത്തെ പുഴയിലും തിരച്ചിൽ ആരംഭിച്ചിട്ടുണ്ട്. എന്നാൽ മോശം കാലാവസ്ഥ ദൗത്യത്തിന് വെല്ലുവിളി സൃഷ്ടിക്കുമെന്ന് ആശങ്കയുണ്ട്. കനത്ത മഴയാണ് പ്രദേശത്ത് തുടരുന്നത്. കർണാടക മുഖ്യമന്ത്രി സിദ്ധരാമയ്യ ഇന്ന് ഉച്ചയ്ക്ക് ശേഷം സംഭവ സ്ഥലം സന്ദർശിക്കും. അതിനിടെ, എല്ലാ നിലയിലും സംസ്ഥാന സർക്കാരും വിഷയത്തിൽ ഇടപെടുകയാണെന്നും, ലക്ഷ്യത്തിലെത്താൻ ഇനിയും സാധ്യമായതെല്ലാം ചെയ്യുമെന്നും മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു.

PNUTVPM

*******************************************

### ചികിത്സാ പിഴവ് - യുവതി മരിച്ചു

തിരുവനന്തപുരത്ത് കുത്തി വയ്പ്പെടുത്തതിന് പിന്നാലെ അബോധാവസ്ഥയിലായ യുവതി മരിച്ചു. തിരുവനന്തപുരം മലയിൻകീഴ് സ്വദേശി കൃഷ്ണയാണ് മരിച്ചത്. നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിലെ ചികിത്സാ പിഴവിനെതിരെ

കൃഷ്ണയുടെ കുടുംബം നൽകിയ പരാതിയെ തുടർന്ന് നേരത്തെ പൊലീസ് കേസെടുത്തിരുന്നു. കിഡ്നി സ്റ്റോൺ ചികിത്സയ്ക്കായി നെയ്യാറ്റിൻകര ജനറൽ ആശുപത്രിയിൽ എത്തിയ യുവതിക്ക് ഇഞ്ചക്ഷൻ നൽകിയിരുന്നു. ഈ മാസം 15-നാണ് കൃഷ്ണ നെയ്യാറ്റിൻകര താലൂക്ക് ആശുപത്രിയിൽ എത്തിയത്. യുവതിക്ക് അലർജി ഉൾപ്പെടെയുള്ള പ്രശ്നങ്ങളുണ്ടായിരുന്നു. അതേസമയം, യുവതിയുടെ മരണം സംബന്ധിച്ച് ഡിഎച്ച്എസിനോട് അന്വേഷിക്കാൻ നിർദേശം നൽകിയതായി മന്ത്രി വീണാ ജോർജ്ജ് അറിയിച്ചു.

*******************************************

വിഴിഞ്ഞം - കപ്പൽ

വിഴിഞ്ഞം തുറമുഖത്ത് മൂന്നാമത്തെ കപ്പൽ എത്തി. ഫീഡർ കപ്പലായ നേവിയോസ് ടെമ്പോയാണ് വിഴിഞ്ഞം തീരത്ത് നങ്കൂരമിട്ടത്. കൊളംബോയിൽ നിന്നാണ് കപ്പൽ എത്തിയത്. രാവിലെ 8.25 ഓടെ കപ്പൽ ബർത്തിൽ അടുപ്പിച്ചു.

RNU TVPM

*******************************************

ആറന്മുള വള്ളസദ്യ (ഇൻട്രോ)

വഞ്ചിപ്പാട്ടിൻറെ ശീലുകൾ മുഴക്കി രണ്ടുമാസത്തിലേറെ നീണ്ടുനിൽക്കുന്ന ആറന്മുള വള്ളസദ്യക്ക് തുടക്കമായി. 64 വിഭവങ്ങളോടുകൂടിയ സദ്യ ആറന്മുളയുടെ മാത്രം പ്രത്യേകതയാണ്.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ...**

**(വോയിസ്)**

*******************************************

ഹെഡ്ലൈൻ-5

## വനിതാ ക്രിക്കറ്റ് - ഏഷ്യാകപ്പ് ട്വന്റി-20

ഏഷ്യാ കപ്പ് വനിതാ ട്വന്റി - 20 ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് യു.എ.ഇ.-യെ നേരിടും. ഉച്ചയ്ക്ക് രണ്ട് മണിക്കാണ് മത്സരം. മത്സരത്തിൽ വിജയിച്ചാൽ ഇന്ത്യയ്ക്ക് സെമി ബെർത്ത് ഉറപ്പിക്കാം. ഇന്ന് നടക്കുന്ന രണ്ടാം മത്സരത്തിൽ പാക്കിസ്ഥാൻ-നേപ്പാളിനെ നേരിടും. വൈകിട്ട് 7 മണിക്കാണ് മത്സരം.

******************************************

## മൻ കി ബാത്ത് - ക്വിസ് മത്സരം

നാടിന്റെ വികസനത്തിൽ ജനങ്ങളുടെ പങ്കാളിത്തം ഉണ്ടാകുന്നതിൽ മൻ കീ ബാത് നൽകിയ സംഭാവന വളരെ വലുതാണെന്ന് മുൻ കേന്ദ്ര സഹമന്ത്രി വി മുരളീധരൻ. നെഹ്റു യുവ കേന്ദ്ര സംഘാതൻ സംഘടിപ്പിച്ച മൻ കി ബാത് ക്വിസ് മൂന്നാം സീസണിന്റെ താലൂക്ക് തല മത്സരങ്ങൾ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. നാട്ടിലെ വിവിധ വിഷയങ്ങൾ രാജ്യത്തെ മുഴുവൻ ജനങ്ങളുടെയും ശ്രദ്ധയിൽപ്പെടാനുള്ള അവസരമായി മൻ കീ ബാത് മാറുന്നു. ലോകത്ത് മൻ കീ ബാത്തിനെ പോലെ വിപുലമായ റേഡിയോ പരിപാടി മറ്റെങ്ങുമില്ല എന്നും ശ്രീ വി മുരളീധരൻ പറഞ്ഞു. ഗ്ലോബൽ ഗിവേഴ്സ് ഫൌണ്ടേഷനുമായി സഹകരിച്ചാണ് ക്വിസ് പരിപാടി സംഘടിപ്പിച്ചത്.

******************************************

## മഴ

വടക്കൻ കേരളത്തിൽ ഇന്നും മഴ തുടരുന്നു. ഇന്ന് കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ കേന്ദ്ര കാലാവസ്ഥാവകുപ്പിന്റെ മഞ്ഞ ജാഗ്രതാ നിർദ്ദേശമുണ്ട്. കണ്ണൂർ പിണറായിയിൽ

RNUTVPM

രാവിലെയുണ്ടായ ചുഴലിക്കാറ്റിൽ വ്യാപക നാശനഷ്ടമുണ്ടായി. നിരവധി വീടുകൾക്ക് കേടുപാടുകൾ സംഭവിച്ചു. അതിനിടെ, ഉയർന്ന തിരമാലയ്ക്ക് സാധ്യതയുള്ളതിനാൽ നാളെ രാത്രി 11.30 വരെ കണ്ണൂർ, കാസർഗോഡ് തീരങ്ങൾക്ക് പ്രത്യേക ജാഗ്രത നിർദ്ദേശം നൽകി. കേരള - കർണാടക- ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്നും നിർദ്ദേശമുണ്ട്.

*******************************************

## തലശ്ശേരി - മാഹി ബൈപ്പാസ് അടിപ്പാത

ദേശീയ പാത 66 ലെ തലശ്ശേരി-മാഹി ബൈപ്പാസിൽ പള്ളൂർ സ്പിന്നിംഗ് മിൽ ജംഗ്ഷനിൽ അടിപ്പാത നിർമ്മിക്കാൻ തീരുമാനം. ഇവിടെ സിഗ്നൽ പോയിന്റ് ഒഴിവാക്കും. നിയമസഭ സ്പീക്കർ എ. എൻ. ഷംസീർ, മാഹി അഡ്മിനിസ്ട്രേറ്ററുമായും ദേശീയ പാത ഉന്നത ഉദ്യോഗസ്ഥരുമായും നടത്തിയ ചർച്ചയിലാണ് തീരുമാനമായത്. ഇവിടെ അപകടങ്ങൾ പതിവായിരുന്നു.

*******************************************

## ക്വാറി പൊട്ടി അപകടം

കണ്ണൂർ കൂത്തുപറമ്പിനടുത്ത വട്ടിപ്രത്ത് ചെങ്കൽ ക്വാറി പൊട്ടി വെള്ളം ഒഴുകി ഒരു വീട് പൂർണമായും മറ്റൊരു വീട് ഭാഗികമായും തകർന്നു. നാല് വീടുകൾക്ക് ഭാഗികമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. ക്വാറിയിൽ ഒരു ഭാഗത്തുനിന്നും മണ്ണിടിഞ്ഞുവീണപ്പോൾ വെള്ളം പുറത്തേക്ക് തള്ളി വന്നതാണ് ദുരന്ത കാരണം എന്ന് സംശയിക്കുന്നു. വീടുകളിൽ നിന്നും ആൾക്കാരെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. ആളപായമില്ല.

*
*******************************
**************************************************************************************************************

RNU TVPM